## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3194** **15.12.2015 ൽ മറുപടിയ്ക്ക്**

### കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗത്തിൽ ഉൾപ്പെടുന്ന, കൊണ്ടോട്ടി ഗവൺമെന്റ് കോളേജിന് ആസ്തിവികസന ഫണ്ടിൽനിന്നും 2.50 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കുമോ ; | (എ) കൊണ്ടോട്ടി ഗവൺമെന്റ് കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) പ്രസ്തുത മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലെ ചാലിയപ്രം ഗവൺമെന്റ് സ്കൂളിന് ഒരു കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കുമോ ; | (ബി) ചാലിയപ്രം ഗവൺമെന്റ് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) കൊണ്ടോട്ടി പൊതുമരാമത്ത് റസ്റ്റ് ഹൗസിന്റെ മുകൾനില പണിയുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിശദമാക്കുമോ? | (സി) കൊണ്ടോട്ടി പൊതുമരാമത്ത് റസ്റ്റ് ഹൗസിന്റെ മുകൾനില പണിയുന്ന പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ